# <u>പൈങ്കിളികൾ</u>
# <u>പാടുമ്പോൾ</u>

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

യാത്രയിൽ
അടുത്തിരിക്കുന്നോരെല്ലാം
വൈദേശിക വൈദേഹികൾ.
ഇഷ്ടമുള്ള ഗാനം തിരഞ്ഞെടുക്കാൻ
ടി.വി.യിലെ അവതാരകനെപ്പോലെ
കണ്ഠംതുറന്ന ആഹ്വാനം.

അത്ഭുതം!
ഏവർക്കുമാവശ്യം
മറന്ന മലയാള സിനിമയിലെ
ഓർക്കുന്ന ഗാനങ്ങൾ.

1

വീണക്കച്ചേരിയിൽ അയഞ്ഞ
ഹൃദയതന്ത്രികൾ മുറുക്കി
മടങ്ങുന്ന ബസ്സിൽ
അവൾക്കിഷ്ടം:
“മാണിക്യ വീണയുമായെൻ . . .”

മടിയിൽ വീണയാക്കി
മീട്ടുകളിലെ മുഴുപ്പിൽ
നഗ്നനഖങ്ങളാൽ
നീളുന്ന കർണ്ണകമ്പനം.

2

കാർണെഗി ഹോളിലെ

മഞ്ഞുമ്പുറത്തെ കൺസെർട്ടിൽ
അന്ത്യമറിയാത്ത കോഡ###.
സബ്-വേക്കാറിലെ
രാവിൻപ്പകൽവെളിച്ചം
അവൾക്കു പാട്ട്:
"പ്രാണനാഥൻ എനിക്കു നൽകിയ . . ."

അങ്കഗണിതത്തിലെ അക്കങ്ങളായി
അങ്കത്തിനിരിക്കുന്ന ഫോർമുലകൾ
ടയിംസ്-സ്ക്വയറിൽ കുടിയിറങ്ങി
ബ്രോഡ്-വേകൾ അന്വേഷണം.

3

ലഗ്വാർഡിയായിലെ
ബോഡിങ്ങ് പാസ്സിലെ
ദ്വാരമിഴികളിലെ ദുരുദ്ദേശ്യം
ഐ-പോഡിലെ ബിഥോവന്റെ
"*ഫെ എലീസ്*"*** യ്ക്കായി
ഹെഡ്-സെറ്റ് തിരുകുമ്പോൾ
അവൾക്കു മൂളൽ:
"താമസമെന്തേ വരുവാൻ . . ."

സ്ത്രീലിംഗ വചസ്സിലെ
അർത്ഥമുള്ള അർദ്ധശങ്കയിൽ
എഴുത്തിലെ വ്യക്തതയുള്ള
ബിസിനെസ്സ് കാർഡിലെ
പിന്നാമ്പുറത്തെ ഞാറ്റുപാടത്ത്
സഞ്ചരിച്ചു പുഞ്ചിരിച്ച
കുഞ്ഞാറ്റയ്ക്കായി
വീട്ടഡ്രെസ്സ് കുറിമാനം.

<u>വിഷ്കംഭം</u>

യാത്രകൾ ഇനിയുമുണ്ടാകും:
പഴമ്പാട്ടിലെ നിരതദ്രവ്യം

പരാർത്ഥപ്പരമാർത്ഥം കുറിക്കും.

സ്ത്രീ:
വാഗർത്ഥതലത്തിലെ
പുതിയ ആകാശഭൂമി.
നാനാർത്ഥ പര്യയത്തിലെ
ഹോർമോൺ മണത്തിൽ
നവനാമ അന്ത്യാക്ഷരിക്കളി.

വാഹനങ്ങൾ കൂട്ടിയിടിക്കാതെ
പാളത്തിൽനിന്നും തെന്നാതെ
ഗതാഗതനിയമം പാലിക്കാൻ
എത്തിപ്പിടിക്കാന്നായുന്ന
പാറപ്പുറത്തിന്റെ മൌന“മാനം!”
*******************************************************

[###]കോഡ = പാശ്ചാത്യ സംഗീതക്കച്ചേരിയിലെ അവസാനഖണ്ഡം

[***] ഫെ എലീസ = für Elise